**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4625** **19-03-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ശല്യമുള്ള കോഴിക്കോട് ജില്ലയിലെ ഹോട്ട് സ്പോട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി-മനുഷ്യസംഘർഷം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളെ സൂചിപ്പിക്കുന്ന കോഴിക്കോട് ജില്ലയിലെ ഹോട്ട് സ്പോട്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വന്യമൃഗ സംഘർഷ ബാധിത പ്രദേശങ്ങളെ അതിന്റെ രൂക്ഷതയുടെ അടിസ്ഥാനത്തിൽ ഹോട്ട്സ്പോട്ടുക-ളായും സംഘർഷ ബാധിത പഞ്ചായത്തുകളായും തരംതിരിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ വന്യമൃഗ സംഘർഷം രൂക്ഷമായ ഹോട്സ്പോട്ടുകൾ ഒന്നും തന്നെ നിലവിലില്ലാത്തതാകുന്നു. എന്നാൽ കോഴിക്കോട് ജില്ലയിൽ കാവിലുംപാറ, ചക്കിട്ടപ്പാറ, കൊട്ടൂർ, നടുവണ്ണൂർ, പനങ്ങാട്, കോടഞ്ചേരി, ഓമശ്ശേരി, താമരശ്ശേരി, കൂടരഞ്ഞ്, കട്ടിപ്പാറ, മുക്കം, ചത്തമംഗലം, മാവൂർ, തിരവമ്പാടി, പുതുപ്പാടി, കാരശ്ശേരി, മടവൂർ, കൊടുവള്ളി, കൊടിയത്തൂർ, കക്കൂർ, ചേലന്നൂർ, കിഴക്കോത്ത്, കുന്നമംഗലം എന്നീ പഞ്ചായത്തുകളിൽ മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ നിലവിലുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇവിടങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (ബി) | മനുഷ്യ-വന്യമൃഗ സംഘർഷ മേഖലകളെ ഭൂപ്രകൃതി, ഭൂവിനിയോഗം, കാലാവസ്ഥ, സാമൂഹിക പ്രത്യേക-തകൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് അനുസരിച്ച് 12 ലാൻഡ്സ്കേപ്പുകളായി തിരിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷത്തിന്റെ തീവ്രതയനുസ-രിച്ച് നിശ്ചയിച്ചിട്ടുള്ള ഹോട്ട്സ്പോട്ടുകൾ ഒന്നും തന്നെ കോഴിക്കോട് ജില്ലയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും, വന്യമൃഗ സംഘർഷ ബാധിത പഞ്ചായത്തുകൾ ഉൾപ്പെടുന്ന വയനാട് ലാന്റ്സ്കേപ്പിൽ കോഴിക്കോട് ജില്ലയിലെ ഏതാനും പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ്. ഹോട്ട്സ്പോട്ടുകളായി കണ്ടെത്തിയിട്ടുള്ള ലാൻഡ്സ്കേ-പ്പിന് അനുയോജ്യമായി മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി വിവിധ വകുപ്പുകളും പ്രാദേശിക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ലാൻഡ്സ്കേപ്പ് തല മാസ്റ്റർപ്ലാൻ തയ്യാറാക്കി അതനു-സരിച്ചുള്ള സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ലാൻഡ്സ്കേപ്പ് |

| | | | |
|---|---|---|---|
| | | | തല മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ